(ഐ) മുമ്പ് പറഞ്ഞ 32 അവകാശികളിൽ പലരും ഭൂമി മറ്റു പലർക്കും വിൽപ്പന നടത്തിയിട്ടുണ്ടെന്നു് അറിവായിട്ടുണ്ടു്.

(ജെ) ഇല്ല.

പാമ്പാക്കുടയിൽ രജിസ്ട്രാർ ഓഫീസ്

690. [970] ശ്രീ. ബെന്നി ബഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാമ്പാക്കുടയിൽ ഒരു സബ് രജിസ്ട്രാർ ഓഫീസ് തുടങ്ങണമെന്ന ആവശ്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്നു് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ടു്.

(ബി) ഒരു വർഷം അയ്യായിരത്തിൽ കൂടുതൽ ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്ന സബ് രജിസ്ട്രാർ ആഫീസുകൾ വിഭജിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു.

ഏഷ്യൻ ഗയിംസിൽ പങ്കെടുത്ത കേരളീയർ

691. [971] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സോളിൽ വച്ചു നടന്ന കഴിഞ്ഞ ഏഷ്യൻ ഗയിംസിൽ ആകെ എത്ര കേരളീയർ പങ്കെടുത്തു ;

(ബി) ഓരോ ഇനത്തിലും കേരളീയർക്കു എത്ര മെഡൽ വീതം കിട്ടി ;

ഉത്തരം

(എ) സോളിൽ നടന്ന കഴിഞ്ഞ ഏഷ്യൻ ഗയിംസിൽ 17 കേരളീയ കായികതാരങ്ങളും 4 കേരളീയ പരിശീലകരും പങ്കെടുക്കുകയുണ്ടായി.

(ബി) കഴിഞ്ഞ ഏഷ്യൻ ഗയിംസിൽ കേരളീയ കായിക താരങ്ങൾക്കു ലഭിച്ച മെഡലുകളുടെ വിശദവിവരം താഴെ ചേർക്കുന്നു.

അത്ലറ്റിക്സ്

1. കുമാരി പി. ടി. ഉഷ—സ്വർണ്ണമെഡൽ—400 മീറ്റർ, 400 മീറ്റർ ഹർഡിൽസ്, 4x400 മീറ്റർ റിലേ, 200 മീറ്റർ വെള്ളി മെഡൽ—100 മീറ്റർ
2. കുമാരി ഷൈനി കെ. എബ്രഹാം—സ്വർണ്ണമെഡൽ—4x400 മീറ്റർ റിലേ വെള്ളി മെഡൽ—800 മീറ്റർ
3. കുമാരി എം. ഡി. വത്സമ്മ—സ്വർണ്ണമെഡൽ 4x400 മീറ്റർ റിലേ

വോളിബാൾ

ശ്രീ. സിറിയം സി. വെള്ളൂർ
,, ഉദയകുമാർ
,, ജിമ്മി ജോർജ്ജ് — ഓട്ടുമെഡൽ

ഷട്ടിൽ ബാഡ്മിൻറൺ

ശ്രീ. യു. വിമൽ കുമാർ—ഓട്ടു മെഡൽ

വനിതാ ഹോക്കി

കുമാരി എസ്. ഓമന കുമാരി—ഓട്ടുമെഡൽ

LIBRARY ARCHIVES Kerala Legislative Assembly